# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മെയ് 23**

---

- *സർവകലാശാല സ്വന്തമായി വികസിപ്പിച്ച സംവിധാനം*
- *മൂല്യനിർണയം കഴിഞ്ഞതിന്റെ പിറ്റേന്ന് ഫലം പ്രസിദ്ധീകരിച്ചു*

## ക്യുആർ അധിഷ്ഠിത മൂല്യനിർണയം വിജയം; എം.ജി സർവകലാശാലയിൽ ഇനി പരീക്ഷാഫലം അതിവേഗം

*സ്വന്തമായി വികസിപ്പിച്ച ക്യുആർ അധിഷ്ഠിത മൂല്യനിർണയ സംവിധാനം വിജയകരമായി നടപ്പാക്കി മഹാത്മാ ഗാന്ധി സർവകലാശാല. നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണയം ഈ രീതിയിൽ പൂർത്തിയായതിന്റെ പിന്നേദിവസമായ ഇന്നലെ(മെയ് 23) വെബ് സൈറ്റിൽ(*www.mgu.ac.in*) ഫലം പ്രസിദ്ധീകരിച്ചു.*

*സർവകലാശാലയുടെ എല്ലാ പരീക്ഷകളുടെയും മൂല്യനിർണയം പൂർണ്ണമായും പുതിയ സംവിധാനത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും ഇതോടെ ഫലം അതിവേഗത്തിൽ പ്രഖ്യാപിക്കാനാകുമെന്നും വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.*

*നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ തിയറി പരീക്ഷകൾ മെയ് 14നും പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 16നുമാണ് അവസാനിച്ചത്. ഒന്നര ലക്ഷത്തോളം ഉത്തരക്കടലാസുകളുടെ മൂല്യനിർണയം ഒൻപത് മേഖലാ മൂല്യനിർണയ ക്യാമ്പുകളിലായി വ്യാഴാഴ്ച്ച(മെയ് 22) പൂർത്തിയാക്കി, ഫലാധിഷ്ഠിത(ഔട്ട്കം ബേസ്ഡ്) രീതിയിലുള്ള ഫലപ്രഖ്യാപനമാണ് നടത്തിയത്.*

*ഓരോ വിദ്യാർഥിക്കും പരീക്ഷയ്ക്ക് ലഭിച്ച മാർക്കിനൊപ്പം ഓരോ വിഷയത്തിലും വ്യക്തിഗത തലത്തിലും സ്ഥാപന തലത്തിലും സർവകലാശാലാ*

തലത്തിലുമുള്ള മികവുകളെ തരംതിരിച്ച് അടയാളപ്പെടുത്തുന്ന സ്കോർ ഷീറ്റാണ് ലഭിക്കുക. ഈ രീതിയിൽ സംസ്ഥാനത്ത് ആദ്യമായി ഫലപ്രഖ്യാപനം നടത്തുന്നതും എം.ജി. സർവകലാശാലയാണ്. ഒന്നാം സെമസ്റ്ററിൽ മാർക്ക് അടിസ്ഥാനമാക്കിയുള്ള ഫലപ്രഖ്യാപനവും ഔട്ട്കം ബേസ്ഡ് ഫലപ്രഖ്യാപനവും രണ്ടു ഘട്ടങ്ങളായാണ് സർവകലാശാല നടത്തിയത്.

രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാന്റെ(റൂസ) സാമ്പത്തിക പിന്തുണയോടെ സർവകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ പ്രോജക്ട് ടീം ആണ് മൂല്യനിർണയത്തിന് പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കിയത്. എംജിയു-യുജിപി എന്ന് അറിയപ്പെടുന്ന നാലു വർഷ ബിരുദ പ്രോഗ്രാമുകൾക്കൊപ്പം എംജിയു-ബിസിഎ, എംജിയു-ബിബിഎ പ്രോഗ്രാമുകളുടെ ഫലവും പുതിയ ക്യുആർ അധിഷ്ഠിത സംവിധാനത്തിലാണ് തയ്യാറാക്കിയത്. ഒന്നാം സെമസ്റ്റർ പരീക്ഷകളുടെ പുനർ മൂല്യനിർണയത്തിനും ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ട്.

മൂല്യനിർണയം നടത്തുന്ന അധ്യാപകർ സർവകലാശാലയുടെ മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിച്ച് വിദ്യാർഥികളുടെ പരീക്ഷാ സംബന്ധമായ വിവരങ്ങൾ എൻക്രിപ്റ്റ് ചെയ്ത ക്യുആർ കോഡ് സ്കാൻ ചെയ്ത് മാർക്കുകൾ നേരിട്ട് രേഖപ്പെടുത്തുകയും ആവശ്യമായ പുനർ മൂല്യനിർണയം പൂർത്തിയാക്കുകയും ചെയ്യും. തുടർന്ന് മൂല്യനിർണയ വിവരങ്ങൾ സർവകലാശാലയുടെ പോർട്ടലിലേക്ക് സമർപ്പിക്കും.

മൂല്യനിർണയം നടക്കുന്ന മേഖലാ ക്യാമ്പുകളുടെ മുഴുവൻ പ്രവർത്തനങ്ങളും പരീക്ഷാ കൺട്രോളറുടെ ഓഫീസിൽനിന്ന് നിയന്ത്രിക്കാൻ സാധിക്കും. ഓരോ ദിവസത്തെയും മൂല്യനിർണയം സംബന്ധിച്ച എല്ലാ വിവരങ്ങളും ഏകീകൃത പോർട്ടലിൽ ലഭിക്കും. ഇതുവഴി സുതാര്യവും കുറ്റമറ്റതുമായ മൂല്യനിർണയം ഉറപ്പാക്കാനായതായി വൈസ് ചാൻസലർ പറഞ്ഞു.

അധ്യാപകരുടെ വിവരശേഖരണത്തിനായി സർവ്വകലാശാല സ്വന്തമായി വികസിപ്പിച്ച യൂണിവേഴ്സിറ്റി മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടലിന്റെ സഹായത്തോടെയാണ് മൂല്യനിർണയത്തിന് അധ്യാപകരെ നിയോഗിച്ചത്.

സർവകലാശാലയുടെ എല്ലാ പരീക്ഷകളുടെ മൂല്യനിർണയത്തിനും പുതിയ ക്രമീകരണം പ്രജോയനപ്പെടുത്തുന്നതിന്റെ ഭാഗമായി സിബിസിഎസ് അവസാന ബാച്ച് വിദ്യാർഥികളുടെ അഞ്ച്, ആറ് സെമസ്റ്റർ പരീക്ഷകളുടെ ഉത്തരക്കടലാസുകളും ഈ രിതിയിലാണ് പരിശോധിക്കുന്നത്. തുടർന്നുള്ള ഘട്ടങ്ങളിൽ പിജി പരീക്ഷകളുടെ മൂല്യനിർണയവും ഇങ്ങനെ നടത്തും.

അതിവേഗം ഫലം പ്രഖ്യാപിക്കാൻ കഴിയുന്നതിനു പുറമെ നടപടികളുടെ

*കാര്യക്ഷമത വർധിപ്പിക്കുന്നതിനും ചിലവ് കുറയ്ക്കുന്നതിനും പുതിയ സംവിധാനം ഉപകരിക്കുമെന്ന് ഡോ. അരവിന്ദകുമാർ വ്യക്തമാക്കി.*

*വാർത്താ സമ്മേളനത്തിൽ സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. ജോജി അലക്സ്, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് മേധാവി ഡോ. വി.ആർ. ബിന്ദു, ഐ. ടി ഡയറക്ടർ പി. പ്രദീപ് എന്നിവരും പങ്കെടുത്തു.*

*ഫോട്ടോ ക്യാപ്ഷൻ..*

*മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദ കുമാർ കോട്ടയം പ്രസ് ക്ലബ്ബിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുന്നു. സർവ കലാശാലാ ഐടി ഡയറക്ടർ പി. പ്രദീപ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് മേധാവി ഡോ. വി.ആർ. ബിന്ദു, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, സിൻഡിക്കേറ്റ് അംഗം ജോജി അലക്സ് എന്നിവർ സമീപം.*

*(പി.ആർ.ഒ/39/1611/2025)*

## എം.ജി സർവകലാശാലയുടെ കോളജുകളിൽ ഡിഗ്രി; ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങി

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ, എയ്ഡഡ്, സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളജുകളിൽ ബിരുദ, ഇന്റഗ്രേറ്റഡ് ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴി പ്രവേശനത്തിന് ഓൺ ലൈൻ രജിസ്ട്രേഷൻ തുടങ്ങി.* cap.mgu.ac.in *വഴി മെയ് 31ന് വൈകുന്നേരം അ ഞ്ചുവരെ അപേക്ഷ സ്വീകരിക്കും.*

*മാനേജ്മെന്റ്, ലക്ഷദ്വീപ്, വികലാംഗ, സ്പോർട്സ്, കൾച്ചറൽ ക്വാട്ടകളിൽ പ്രവേശനം തേടുന്നവരും ഓൺലൈനിൽ അപേക്ഷ നൽകണം. മാനേജ്മെന്റ്, ലക്ഷദ്വീപ് ക്വാട്ടകളിൽ അപേക്ഷിക്കുന്നവർ കോളജിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ഓൺലൈൻ അപേക്ഷാ നമ്പർ നൽകണം. ലക്ഷദ്വീപിൽനിന്നുള്ള വിദ്യാർഥികൾക്ക് എല്ലാ കോളജുകളിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.*

*അപേക്ഷ സമർപ്പിക്കുമ്പോൾ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് അപ് ലോഡ് ചെയ്യണം. വെബ്സൈറ്റിൽ അക്കൗണ്ട് എടുത്തപ്പോൾ നൽകിയ അപേക്ഷയിലെ പേര്, സംവരണ വിഭാഗം, മൊബൈൽ നമ്പർ, ഇ മെയിൽ വിലാസം, പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ, അക്കാദമിക വിവരങ്ങൾ (മാർക്ക്) എന്നിവ ഒഴികെയുള്ള വിവരങ്ങൾ സാധ്യതാ അലോട്ട്മെന്റിനു ശേഷം ആവശ്യമെങ്കിൽ തിരുത്താം. ഈ ഘട്ടത്തിൽ ഓപ്ഷനുകൾ പുനഃക്രമീകരിക്കുകയോ ഒഴിവാക്കുകയോ*

*കൂട്ടിച്ചേർക്കുകയോ ചെയ്യാം.*

*നിശ്ചിത തീയതിക്കുശേഷം അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനോ ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനോ കഴിയില്ല. സംവരണാനുകൂല്യത്തിന് അർഹതയുള്ളവർ ഓൺലൈൻ അപേക്ഷയ്ക്കൊപ്പം റവന്യു അധികൃതരിൽനിന്നുള്ള കമ്യൂണിറ്റി അല്ലെങ്കിൽ കാസ്റ്റ് സർട്ടിഫിക്കറ്റിന്റെ ഡിജിറ്റൽ പതിപ്പ് അപ് ലോഡ് ചെയ്യണം. വിമുക്തഭടൻ, ജവാൻ, എൻ.സി.സി, എൻഎസ്.എസ് വിഭാഗങ്ങളിലെ ബോണസ് മാർക്ക് ലഭിക്കുന്നതിന് സർവകലാശാല പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസിൽ നിർദേശിച്ചിട്ടുള്ള സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പതിപ്പ് അപ് ലോഡ് ചെയ്യണം.*

*മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്കുള്ള സംവരണ സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ റവന്യു അധികൃതരിൽനിന്ന് നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രത്തിന്റെ ഡിജിറ്റൽ പതിപ്പാണ് അപ് ലോഡ് ചെയ്യേണ്ടത്.*

*എയ്ഡഡ് കോളജുകളിൽ കമ്യൂണിറ്റി മെറിറ്റ് സീറ്റുകളിൽ പ്രവേശനം തേടുന്നവരും ഓൺലൈനിൽ അപേക്ഷിക്കണം. ഈ സീറ്റുകളിലേക്ക് ഓരോ സമുദായത്തിലേയും അപേക്ഷകരിൽ നിന്ന് മെറിറ്റ് അടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ് സർവ്വകലാശാല നേരിട്ട് നടത്തും. ഈ സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ റവന്യു അധികൃതരിൽനിന്നുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ ഡിജിറ്റൽ പകർപ്പ് അപ് ലോഡ് ചെയ്യണം.*

*പ്രോസ്പെക്ടസ്സിൽ നിർദേശിച്ചിട്ടുള്ള സാക്ഷ്യപത്രങ്ങളുടെ അസ്സൽ, പ്രവേശന സമയത്ത് അതത് കോളേജ് പ്രിൻസിപ്പൽ മുൻപാകെ നിർബന്ധമായും ഹാജരാക്കണം.*

*വിവിധ പ്രോഗ്രാമുകളുടെ ഫീസ് സംബന്ധിച്ച വിശദാംശങ്ങൾ സർവകലാശാല ഏകജാലക പ്രവേശനത്തിൻറെ വെബ്സൈറ്റിൽ(*cap.mgu.ac.in*) ലഭ്യമാണ്. ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നതിന് വിദ്യാർഥികൾക്ക് അഫിലിയേറ്റഡ് കോളജുകളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്കുകളുടെ സഹായം തേടാം. പ്രവേശനം സംബന്ധിച്ച വിശദ വിവരങ്ങളും ഹെൽപ്പ് ഡസ ്കുകളുടെ ഫോൺ നമ്പരുകളും വെബ് സൈറ്റിൽ ലഭിക്കും.*

*(പി.ആർ.ഒ/39/1612/2025)*

## എം.ജി സർവകലാശാലയിലെ വിദ്യാർഥിനിക്ക് ജർമൻ ഗവേഷണ ഗ്രാന്റ്

*ജർമനിയിലെ ലീബ്നിസ് പോളിമർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ ഗ്രാന്റിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിരുദാനന്തര ബിരുദ വിദ്യാർഥിനി*

*അലീന റോബർട്ട് തിരഞ്ഞെടുക്കപ്പെട്ടു. പ്രതിവർഷം 10.44 ലക്ഷംരൂപ ലഭിക്കും.*

*സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ എം എസ്‌സി കെമിസ്ട്രി എനർജി സയൻസ് വിദ്യാർഥിനിയായ അലീന, പോളിമർ എൻജിനിയറിംഗിൽ 2 ഡി മെറ്റീരിയൽസിനെക്കുറിച്ച് പഠനം നടത്തും.*

*മുൻ അഡീഷണൽ സെക്രട്ടറി റോബർട്ട് ഫ്രാൻസിസിന്റെയും തിരുവനന്തപുരം കാഞ്ഞിരംകുളം പി.കെ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ മരിയ ഷീലയുടെയും മകളാണ്.*

*ഫോട്ടോ ക്യാപ്ഷൻ..*

*അലീന റോബർട്ട്*

*(പി.ആർ.ഒ/39/1613/2025)*

## പരീക്ഷാ തീയതി

*മോഡൽ ഒന്ന് ആനുവൽ സ്കീം ബിഎ, ബിഎസ്സി, ബികോം പാർട്ട് 3 മെയിൻ പേപ്പർ (പ്രൈവറ്റ് രജിസ്ട്രേഷൻ- അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 20 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1614/2025)*

## താത്കാലിക നിയമനം

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ ശുചീകരണ ജോലിക്കാരെ മൂന്നു മാസത്തേക്ക് താത്കാലികമായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, തിരിച്ചറിയൽ കാർഡിന്റെയോ ആധാർ കാർഡിന്റെയോ പകർപ്പ് സഹിതം അസിസ്റ്റന്റ് രജിസ്ട്രാർക്ക് (1-ഭരണ വിഭാഗം) ജൂൺ ഏഴിനു മുൻപ് നൽകണം.*

*(പി.ആർ.ഒ/39/1615/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ*

*പരിശോധനയ്ക്കും ജൂൺ അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1616/2025)*

## <u>പ്രാക്ടിക്കൽ</u>

*നാലാം സെമസ്റ്റർ ബിഎസ്സി ഐടി മോഡൽ 3 സിബിസിഎസ് (പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 11 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1617/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**